## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4024** **25.06.2018-ൽ മറുപടിയ്ക്ക്**

### അതിരപ്പിള്ളി പഞ്ചായത്തിലെ ട്രൈബൽ കോളനികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ബി.ഡി. ദേവസ്സി | | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| ചോദ്യം | | മറുപടി | |
| എ) | അതിരപ്പിള്ളി പഞ്ചായത്തിലെ 9-ാം വാർഡ് വെട്ടുവിട്ടകാട് ട്രൈബൽ കോളനിയിൽ 17 കുടുംബങ്ങൾക്ക് യു.ജി. കേബിൾ വലിച്ച് വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | എ) | ചാലക്കുടിയിൽ നിന്നും ആനമല റോഡിലൂടെ 85 കിലോ മീറ്റർ സഞ്ചരിച്ച് മലക്കപ്പാറ അതിർത്തിയിൽ നിന്നും തമിഴ്നാട്ടിലെത്തിയതിനുശേഷം രണ്ടര കിലോ മീറ്റർ വനത്തിനുള്ളിലൂടെ സഞ്ചരിച്ചാലെ വെട്ടിവിട്ടക്കാട് കോളനിയിൽ എത്താൻ സാധിക്കുകയുള്ളു. ഇവിടെ മുതുവാൻ സമുദായത്തിലുൾപ്പെട്ട 11 കുടുംബങ്ങളാണുള്ളത്. അരേക്കാപ്പ് കോളനി വൈദ്യുതീകരണം നടപ്പിലാക്കുന്ന സമയത്ത് ഈ കോളനിയിലേയ്ക്ക് സോളാർ പദ്ധതി നടപ്പിലാക്കാനുള്ള അനുമതി ഉണ്ടായിരുന്നുവെങ്കിലും സോളാർ പദ്ധതിയോട് ഈ കോളനി നിവാസികൾ എതിർപ്പ് കാട്ടിയതു മൂലം പദ്ധതി നടപ്പിലാക്കാൻ സാധിച്ചില്ല. കേരളത്തിൽ നിന്നും ഇവർക്ക് വൈദ്യുതി എത്തിക്കാനുള്ള സാങ്കേതിക തടസ്സമുള്ളതിനാലാണ് സോളാർ പദ്ധതി ആവിഷ്ക്കരിച്ചത്. കോളനിയിലേയ്ക്ക് യു.ജി കേബിൾ വലിച്ച് വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല. |
| ബി) | അരയ്ക്കാപ്പ് കോളനിയിൽ വാഹന ഗതാഗതത്തിനായി റോഡ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | ബി) | മലക്കപ്പാറയിൽ നിന്നും അരേക്കാപ്പ് സങ്കേതത്തിലേയ്ക്ക് റോഡ് നിർമ്മിക്കുന്നതിന് വേണ്ടി പ്രൊപ്പോസൽ തയ്യാറാക്കാനായി ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നൽകുന്നതിന് ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ